I/159367/2024

DWCD/1878/2024-ICDS A4

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :29-04-2024
Email -directorate.wcd@kerala.gov.in
Phone : 0471 – 2346538

**<u>സർക്കുലർ</u>**

വിഷയം: ഉഷ്ണതരംഗം - അങ്കണവാടി പ്രീ - സ്കൂളിന് ഒരാഴ്ച അവധി നൽകുന്നത്-സംബന്ധിച്ച് :-

സൂചന: 1. ആരോഗ്യ വകുപ്പിന്റെ പൊതുജനാരോഗ്യ സുരക്ഷാ മുന്നറിയിപ്പ്.
2. വനിത ശിശു വികസന ഡയറക്ടറുടെ 03/04/3024 തീയതിയിലെ DWCD/1878/2024-ICDS A4 നമ്പർ സർക്കുലർ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് അന്തരീക്ഷ താപനില വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അങ്കണവാടികളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് വനിത ശിശു വികസന ഡയറക്ടർ സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഉഷ്ണതരംഗത്തെ തുടർന്ന് സംസ്ഥാനത്തെ അന്തരീക്ഷ താപനില ക്രമതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പിന്റെ പൊതുജനാരോഗ്യ സുരക്ഷാ മുന്നറിയിപ്പ് കണക്കിലെടുത്ത് അങ്കണ വാടികളിലെ പ്രീ സ്കൂൾ പ്രവർത്തനങ്ങൾ 29/04/2024 മുതൽ ഒരാഴ്ചക്കാലം, അങ്കണവാടികളുടെ മറ്റു പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ, താത്കാലികമായി നിറുത്തി വയ്ക്കുവാൻ നിദ്ദേശിക്കുന്നു.

ഈ ദിവസങ്ങളിൽ അങ്കണവാടി കുട്ടികൾക്ക് നൽകേണ്ടതായ സപ്പ്ളിമെന്ററി ന്യൂട്രീഷൻ വീടുകളിൽ എത്തിക്കുന്നതിനു (THR) ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ കുട്ടികളെ അങ്കണവാടികളിൽ പ്രവേശിപ്പിക്കുന്നതിനു രക്ഷാകർത്താക്കൾ താത്പര്യം അറിയിക്കുന്നപക്ഷം മേൽ പരാമർശിക്കുന്ന സൂചന (2) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ചു കുട്ടികൾക്ക് പ്രവേശനം നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ശിശു വികസന പദ്ധതി ഓഫീസർമാർ/ സൂപ്പർ വൈസർമാർ പാലിക്കുന്നുണ്ടെന്ന് പ്രോഗ്രാം ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

Signed by Anie Jula Thomas
Date: 29-04-2024 13:00:32
Reason: Approved